D

## കേരളത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച് 05-8-2016 ന് വൈകിട്ട് 5.30 ന് ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ വച്ച് ചേർന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിന്റെ മിനിട്ടസ്.

യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. റ്റി,കെ. ജോസ്, സ്പെഷ്യൽ സെക്രട്ടറിമാരായ ശ്രീ. വി.കെ. ബേബി, ശ്രീ. റ്റി.പി. വിജയകുമാർ പഞ്ചായത്ത് ഡയറക്ടർ ശ്രീമതി. സി. എ. ലത, പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. കെ.പി.സാബു. രോഷിനി പിള്ളെ മാനേജർ കുടുംബശ്രീ, ശ്രീ. രാജേന്ദ്രൻ.കെ. ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷ്ണർ, ഗ്രാമവികസനവകുപ്പ്, പഞ്ചായത്ത് വകുപ്പിലെയും, നഗരകാര്യ ഡയറക്ടറേറ്റിലെയും മറ്റു ഉദ്യോഗസ്ഥരും പങ്കെടുത്തു. യോഗത്തിൽ സന്നിഹിതരായവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

കേരളത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഇ.എം.എസ്. ഭവന പദ്ധതിയുടെ തുടർച്ചയായി പുതിയ പദ്ധതി ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ചീഫ് സെക്രട്ടറി ആമുഖമായി പറഞ്ഞു.

<u>വിശദമായ ചർച്ചകൾക്ക് ശേഷം താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു</u>

നിലവിലുള്ള data source കളുടെ പരിമിതിമൂലം ഇതിനുവേണ്ടി വിശദമായ സർവ്വേ നടത്തണമെന്ന് തീരുമാനിച്ചു. സർവ്വേക്ക് വേണ്ടി ഒരു പ്രൊഫോർമ തയ്യാറക്കേണ്ടതാണ്. താഴെപ്പറയുന്ന അടിസ്ഥാന വിവരങ്ങൾക്ക് പ്രൊഫോർമയിൽ നിർബന്ധമായും പ്രധാന്യം നല്കേണ്ടതാണ്.

1. കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം.
2. ഒരു റേഷൻകാർഡിന് ഒരു വീട്.
3. എസ്.സി/എസ്.ടി. ഫിഷർമെൻ

### മുൻഗണനാ മാനദണ്ഡങ്ങൾ

വിധവ, അഗതി, സ്ത്രീകൾ മാത്രമുള്ള വീട്, 80% അധികം വൈകല്യമുള്ളവർ, വരുമാനമില്ലാത്ത പുരുഷൻമാരുള്ള വീട്, ഗുരുതരമായ രോഗാവസ്ഥയിലുള്ളവർ, അവിവാഹിതരായ അമ്മമാർ ഭിന്നലിംഗക്കാർ എന്നിവർക്ക് മുൻഗണന നല്കേണ്ടതാണ്. (ഒരു കാർഡിൽ ഒന്നിൽകൂടുതൽ കുടുംബങ്ങൾ ഉൾപ്പെടുന്നുണ്ടെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥർ നിജസ്ഥിതി നേരിൽ പരിശോധിച്ച് ലിസ്റ്റിൽ ഉൾപ്പെടുന്നകാര്യം തീരുമാനിക്കണം). തിരിച്ചറിയൽ രേഖകളായി റേഷൻകാർഡ്, ആധാർ കാർഡ്, ഇലക്ഷൻ ഐഡി എന്നിവ പരിശോധിച്ച് അർഹത ഉറപ്പാക്കണം. നിലവിലുള്ള വീടിന്റെ മുൻപിൽ നിന്നും എടുത്ത വീടിന്റെ ഫോട്ടോ GPS/GIS co-ordinater സഹിതം GIS platform -ൽ mobile ആപ്പ് വഴി അപ്പ് ലോഡ് ചെയ്യണം.

## ഗുണഭോക്താക്കളുടെ മൻഗണന

നിലവിലുള്ള വീടിന് വൈദ്യുതി, പൈപ്പ് കണക്ഷൻ, ശുചിമുറി, കുടിവെള്ള കിണർ എന്നിവയുടെ ലഭ്യത സർവ്വേയിൽ ഉൾപ്പെടുത്തണം. സർക്കാർ ഉദ്യോഗസ്ഥർ, നാല് ചക്രവാഹനം, ഒരേക്കറിൽ കൂടുതൽ വസ്തു ഉള്ളവർ എന്നിവരെ സർവ്വേയിൽ നിന്നും ഒഴിവാക്കണം. നിലവിലുള്ള ഭൂമി വന ഭൂമിയോ പട്ടയഭൂമിയോ ആയിരിക്കരുത്.

## Survey (സർവ്വെ)

സർവ്വേയ്ക്കുള്ള പ്രൊഫോർമ്മയുടെ രണ്ട് പകർപ്പുകൾ തയ്യാറാക്കേണ്ടതും രണ്ടിലും ഗുണഭോക്താവിന്റെ ഒപ്പ് വയ്ക്കേണ്ടതും ഒരെണ്ണം ഗുണഭോക്താവിന് നൽകേണ്ടതുമാണ്. (ഡബിൾ ചെക്ക് സിസ്റ്റം). നിലവിൽ ലഭ്യമായ SECC ലിസ്റ്റ് അടിസ്ഥാനമാക്കി സർവ്വേ നടത്തേണ്ടതാണ്. നഗരപ്രദേശങ്ങളിൽ അയൽകൂട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ അംഗൻവാടി വർക്കേഴ്സ് എന്നിവർ സംയുക്തമായി സർവ്വേ നടത്തേണ്ടതാണ്. സർവ്വേയ്ക്കായി ADS, അംഗൻവാടി വർക്കേഴ്സ് എന്നിവർ സംയുക്തമായി ഗ്രാമപ്രദേശങ്ങളിൽ സർവ്വേ നടത്തേണ്ടതാണ്. ഇവർക്കാവശ്യമായ ട്രെയിനിംഗ് വകുപ്പുതലത്തിൽ നൽക്കേണ്ടതാണ്. ഓരോദിവസവും ശേഖരിക്കുന്ന വിവരങ്ങൾ ടെക്നിക്കൽ അസിസ്റ്റന്റ്മാർ അതാത് പഞ്ചായത്ത്/നഗരസഭാതലത്തിൽ തന്നെ Data entry നടത്തേണ്ടതാണ്. സർവ്വേയുടെ ഏകോപനം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ചുമതലയിലും മുനിസിപ്പാലിറ്റികളിൽ/കോർപ്പറേഷനുകളിൽ ബന്ധപ്പെട്ട സെക്രട്ടറി നിർദ്ദേശിക്കുന്ന ആളും നിർവ്വഹിക്കേണ്ടതാണ്.

ഓരോ പഞ്ചാത്തിലും 10% ശതമാനത്തിൽ കുറയാത്ത ഗുണഭോക്താക്കളുടെ അപേക്ഷകൾ അതാത് പഞ്ചായത്തുകളിലെ ഗ്രാമസേവകർ, ICDS സൂപ്പർവൈസർമാർ, അഗ്രിക്കൾച്ചറൽ ഡമോൺസ്ട്രേറ്റർ, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ റാന്റം ചെക്ക് നടത്തേണ്ടതാണ്. മുനിസിപ്പാലിറ്റി/കോർപ്പറേഷനെ സംബന്ധിച്ച് Health Inspector/Revenue Inspector എന്നിവർ മേൽ ജോലിചെയ്യേണ്ടതാണ്.

ജില്ലാതലത്തിൽ, DDP, ADC എന്നിവർ വാഹനങ്ങളിൽ പോയി 500 എണ്ണത്തിൽ കുറയാത്ത അപേക്ഷകളിൽ റാന്റം ചെക്ക് നടത്തേണ്ടതാണ് നഗരപ്രദേശങ്ങളിൽ വകുപ്പു നിശ്ചയിക്കുന്ന ഉന്നതഉദ്യോഗസ്ഥരെ ഇക്കാര്യത്തിനായി ചുമതലപ്പെടുത്തണം.

സർവ്വേയുടെ വിശദാംശങ്ങൾ വകുപ്പിന്റെ Web-site ൽ പ്രസിദ്ധീകരിക്കണം. തീരപ്രദേശം, മലമ്പ്രദേശം, ജനസാന്ദ്രത എന്നീ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ സർവ്വേ പൂർത്തിയാക്കുന്നതിന് എത്ര സമയം ആവശ്യമാണ് എന്ന് കണ്ടെത്തുന്നതിന് ഒരു "പൈലറ്റ്" സർവ്വേ നടത്തേണ്ടതാണ്. സർവ്വേ സെപ്റ്റംബർ 30 നകം പൂർത്തിയാക്കേണ്ടതാണ്. സർവ്വേയ്ക്ക് ആവശ്യമായ മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾപ്പെടുന്ന മാതൃക പ്രൊഫോർമ തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി

## യോഗത്തിൽ പങ്കെടുത്തവർ

1. രാജേന്ദ്രൻ.കെ. ജോയിന്റ് ഡവലപ്മെന്റ്കമ്മീഷണർ, സി.ആർ.ഡി
2. റ്റി.പി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി. എൽ.എസ്.ജീ.ഡി.
3. ലത സി.എ, ഡയറക്ടർ, പഞ്ചായത്ത്.
4. കെ.പി. സാബു, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്.
5. ഡി. രാജേന്ദ്രൻ നായർ
6. കെ. പ്രശാന്ത് കുമാർ, സീനിയർ സൂപ്രണ്ട്, എസ്.എം, ഡയറക്ടർ ഓഫ് പഞ്ചായത്ത്
7. ജീ.കെ. സുനിൽ, ഡയറക്ടർ ഓഫ് പഞ്ചായത്ത്
8. അനിൽകുമാർ വി, സീനിയർ സുപ്രണ്ട്, പഞ്ചായത്ത്
9. ബി. അജയകുമാർ,പി.എ.യു സൂപ്പർ വൈസർ,കൊല്ലം
10. സി. രാധാകൃഷ്ണകുറിപ്പ്, ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്
11. ജിജി. ആർ.എസ്. മാനേജർ, കുടുംബശ്രീ
12. റ്റി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി
13. ഡോ. വി.കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി,എൽ.എസ്.ജി.ഡി
14. രോഷ്നി പിള്ളെ, മാനേജർ,കുടുംബശ്രീ
15. ബിനു ഫ്രാനി, പിഒ
16. പി. രാജേഷ് കുമാർ, സ്റ്റേറ്റ് മിഷൻ മാനേജർ,കുടുംബശ്രീ
17. ജേക്കബ് ചാണ്ടി, മാനേജർ ,കുടുംബശ്രീ
18. ഭാവന.എം, മാനേജർ.(സി.ബി),കുടുംബശ്രീ